അവർക്ക് മീറ്റർ ഗവൺമെൻറിൽനിന്നും വാങ്ങിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ? അങ്ങനെ വാങ്ങി കൊടുക്കുന്നതിന് വല്ല സാദ്ധ്യതകളുമുണ്ടോ? അതിൽ ഗവൺമെൻറിൻെറ അഭിപ്രായം എന്താണ്?

ശ്രീ. കെ. എം. ജോർജ്: മിക്ക മുനിസിപ്പൽ നഗരങ്ങളിലുള്ള ടാക്സി ഡ്രൈവേഴ്സും ഓണേഴ്സ് അസോസിയേഷനും ഇക്കാര്യത്തിൽ നിവേദനം നടത്തുകയുണ്ടായി. അവരെല്ലാംതന്നെ ഏകകണ്ഠമായി പറഞ്ഞിരിക്കുന്നത് ടാക്സി കാറുകളിൽ മീറ്റർ ഘടിപ്പിക്കുന്നതിന് രണ്ടായിരത്തിയഞ്ഞൂറും, മൂവായിരവും രൂപ ചെലവു വരുമെന്നാണ്. അതുകൊണ്ട് ആർക്കും യാതൊരു തരത്തിലും പ്രയോജനവുമില്ല. വലിയ നഗരങ്ങളിലല്ലാതെ മറ്റുള്ളിടത്ത് റിട്ടേൺ ജേർണി കിട്ടാത്തതുകൊണ്ട് മീറ്റർ ഘടിപ്പിക്കുന്നതുകൊണ്ട് നഷ്ടവുമാണ്. അതുകൊണ്ട് ടാക്സി കാറുകളിൽ മീറ്റർ ഘടിപ്പിക്കാൻ നിർബന്ധിക്കരുതെന്നാണ്. ഇതുകൊണ്ട് മീറ്റർ ഉണ്ടാക്കുന്ന കമ്പനിക്കാർക്കുമാത്രമേ ഗുണം കിട്ടുകയുള്ളൂ. പ്രയോജനപ്രദമല്ലെന്നു കണ്ടതുകൊണ്ടാണ് സ്റ്റേ ചെയ്തത്.

ആരോഗ്യവകുപ്പിലെ അഴിമതികൾ

* 208 (735) ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ
,, വി. വി. ദക്ഷിണാമൂർത്തി
,, എം. കെ. എ. ഹമീദ്
,, പി. ജി. പുരുഷോത്തമൻപിള്ള
,, ടി. കെ. രാമകൃഷ്ണൻ
,, പി. കുഞ്ഞൻ
,, എ. വി. ആര്യൻ
,, ഈ എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യവകുപ്പിൽ നടക്കുന്ന ഗുരുതരമായ അഴിമതികൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂപ്പള്ളി ബേബി എന്നൊരു കേരളാ കോൺഗ്രസ് നേതാവിനു ബന്ധപ്പെട്ട മന്ത്രി ഇടപെട്ട് 34,000 രൂപ നൽകാൻ ഉത്തരവിട്ടു എന്നറിയുന്നതു ശരിയാണോ;

(സി) ആണെങ്കിൽ ഉത്തരവിട്ട തീയതി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പൂപ്പള്ളി ബേബി തിരുമല മെഡിക്കൽ കോളേജ് മാനേജ്മെൻറിനു പലയിനങ്ങളിലായി കൊടുത്തുതീർക്കേണ്ട തുകയെന്ത്;

(ഇ) മെഡിക്കൽ കോളേജിലെ കണക്കിൻെറ ആഡിറ്റ് റിപ്പോർട്ടിൽ 34,000 രൂപ പൂപ്പള്ളി ബേബിക്കു കൊടുക്കേണ്ടതില്ല എന്നു പറഞ്ഞിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ കാരണമെന്ത്;

(ജി) പ്രസ്തുത ആഡിറ്റു റിപ്പോർട്ടിൻെറ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):—

(എ) ഏതെങ്കിലും അഴിമതികൾ ശ്രദ്ധയിൽപ്പെട്ടാൽ അവയെക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടികളെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീ. ചെറിയാൻ ഫിലിപ്പ് പുറപ്പള്ളിക്ക് 5,973 രൂപ 50 പൈസയും, ശ്രീ. ചെറിയാൻ തോമസ് പുറപ്പള്ളിക്ക് 29,000 രൂപയും റബ്മല ദേവസ്വം കോളേജിന്റെ മുൻമാനേജുമെന്റ് കൊടുക്കാൻ ഉണ്ടായിരുന്നത് കൊടുത്തു തീർക്കാൻ കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 19-11-1969.

(ഡി) ശ്രീ. ചെറിയാൻ ഫിലിപ്പ് പുറപ്പള്ളി എന്നയാൾ 41,232 രൂപ 50 പൈസ കൊടുക്കാനുള്ളതായി കാണുന്നുണ്ട്. അന്യോന്യം ഉള്ള എല്ലാ ബാദ്ധ്യതകളും തട്ടിക്കഴിച്ചതിനുശേഷം കൊടുത്തുതീർക്കാനുള്ള തുകയാണ് 'ബി' ചോദ്യത്തിനുത്തരമായി കൊടുത്തു തീർത്തതായി പറഞ്ഞിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) മേശപ്പുറത്ത് വയ്ക്കുന്നതിനു തടസ്സമൊന്നുമില്ല. വയ്ക്കാം.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ആഡിറ്റു റിപ്പോർട്ടിൽ ഈ രണ്ടു വ്യക്തികൾക്ക് കൊടുക്കാനുള്ള തുക കൊടുക്കാൻ പാടില്ലെന്ന് വ്യക്തമായി ചൂണ്ടിക്കാണിക്കുകയും, അതനുസരിച്ച് ഈ തുകയ്ക്ക് വേണ്ടി ഈ വ്യക്തികൾ ആവശ്യപ്പെട്ടപ്പോൾ ഡിപ്പാർട്ടുമെന്റ് കൊടുക്കാൻ തയ്യാറാകാതിരിക്കുകയും, മന്ത്രി ഫയൽ നേരിട്ട് വിളിച്ചുവരുത്തി അടിയന്തിരമായി കൊടുക്കുന്നതിനു ഉത്തരവു പുറപ്പെടുവിക്കുകയുമല്ലേ ചെയ്തത്?

ശ്രീ. കെ. എം. ജോർജ്: ഈ പറഞ്ഞതൊന്നുമല്ല. ഉത്തരത്തിൽ ഞാൻ അത് വ്യക്തമാക്കിയിട്ടുണ്ട് ആഡിറ്റു റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കാമെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞു. ട്രസ്റ്റിൽനിന്ന് ഈ കോളേജ് ഗവർമ്മെന്റ് ഏറ്റെടുത്തപ്പോൾ ട്രസ്റ്റിനുണ്ടായിരുന്ന കടബാദ്ധ്യതകൾ ഗവർമ്മെന്റ് കൊടുത്തു തീർക്കേണ്ടതാണെന്നും, 50,60 പേർക്ക് കൊടുക്കാനുള്ള തുക നിശ്ചയിച്ച് കൊടുക്കേണ്ടതാണെന്നും വ്യക്തമായി പറഞ്ഞിട്ടുണ്ടായിരുന്നു. ആ പറഞ്ഞിട്ടുള്ള തുക കൊടുക്കാനുള്ളവർക്ക് കൊടുക്കാൻ ഈ ഗവർമ്മെന്റ് വേണ്ട നടപടികൾ സ്വീകരിച്ചു. അതനുസരിച്ച് കൊടുക്കാൻ ഈ ഗവർമ്മെന്റ് അധികാരത്തിൽ വരുന്നതിനു മുൻപ് ഒരു ജി. ഒ. ഇറക്കിയിട്ടുണ്ട്. ജി. ഒ. എം. എസ്. 303/69/ ഹെൽത്ത് ഡേറ്റഡ് 30 ഒക്ടോബർ 1969 എന്ന ഗവർമ്മെന്റു ഉത്തരവിന് വിധേയമായിട്ടാണ് ഈ തുക കൊടുക്കുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ച ജി. ഒ. തന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആ ജി. ഒ. അനുസരിച്ച് പതിനായിരം രൂപയ്ക്ക് മേൽ വരുന്ന ഐറ്റം കൊടുക്കാൻ പാടില്ലെന്ന ഡിപ്പാർട്ടുമെന്റ് ശുപാർശ ചെയ്തതിനു ശേഷം അതിനെ മറികടന്നുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഫയൽ വരുത്തി ഈ തുക കൊടുക്കാൻ ഉത്തരവു പുറപ്പെടുവിക്കുകയല്ലേ ചെയ്തത്?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം സത്യവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. ഈ പറയുന്ന കാര്യങ്ങൾ ആഡിറ്റു റിപ്പോർട്ടിൽ വളരെ വ്യക്തമായി കാണാം. അതു മേശപ്പുറത്തു വയ്ക്കുന്നതിൽ യാതൊരു വിരോധവുമില്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ആഡിറ്റ് റിപ്പോർട്ടല്ല. പണം ഇഷ്യൂ ചെയ്തതു സംബന്ധിച്ചുള്ള ഫയൽ മേശപ്പുറത്തു വയ്ക്കാൻ തയ്യാറാണോ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്: ഇതിന്റെയെല്ലാം കണക്ക് എന്റെ കൈവശമുണ്ട്. കഴിഞ്ഞ മൂന്നുനാലുമാസങ്ങൾക്കുള്ളിൽ ഏതാണ്ട് ഇരുപത്തിനാലോളം ആളുകൾക്ക് [ടസ്റ്റിൽനിന്ന് കൊടുക്കാനുള്ള തുക കൊടുത്തിട്ടുണ്ട്. അതിൽ വലിയ തുകയ്ക്കുള്ള ആളുകളും ചെറിയ തുക കൊടുക്കേണ്ട ആളുകളും ഉൾപ്പെടുന്നുണ്ട്. കൊടുക്കാനുള്ള മുഴുവൻ തുകയും ഗവൺമെന്റ് ഉത്തരവനുസരിച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. കൊടുക്കാനുള്ള തുക കൊടുക്കാതിരിക്കുന്നതിനുള്ള ഒരു നിലപാട് എങ്ങനെയാണ് എടുക്കുന്നത്. ആഡിറ്റ് ഡിപ്പാർട്ടുമെന്റ്വരെ പരിശോധിച്ച് കൊടുക്കാനുള്ള തുക കൊടുക്കാൻ പറയുമ്പോൾ അതു കൊടുക്കാതെയിരിക്കുന്നത് ശരിയല്ല.

[ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ഞാൻ ചോദിച്ച ചോദ്യം അതല്ല. ഈ രണ്ടു വ്യക്തികൾക്കും പണംകൊടുക്കാൻ ഉത്തരവിട്ട ഫയൽ മേശപ്പുറത്തു വയ്ക്കാമോയെന്നാണ്.

[ശ്രീ. കെ. എം. ജോർജ്: ഈ പറഞ്ഞ കാര്യങ്ങളിൽ നിന്നെല്ലാം അത് വ്യക്തമാണ്. അതുകൊണ്ട് ഫയൽ മേശപ്പുറത്തു വയ്ക്കേണ്ട ആവശ്യമില്ല.

[ശ്രീ. വി. വി. കൃഷ്ണമൂർത്തി: ഡിപ്പാർട്ടുമെന്റ് ഉന്നയിച്ച തടസ്സങ്ങളെപ്പറ്റി അന്വേഷിച്ചതിനുശേഷം മാത്രമാണോ ഈ ഉത്തരവിട്ടത്?

[ശ്രീ. കെ. എം. ജോർജ്: ഈ പറയുന്ന പൂപ്പള്ളി ബേബി കേരളാ കോൺ[ഗ്രസുകാരനേ അല്ല. അദ്ദേഹം ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അത് കോൺ[ഗ്രസ്സുമായിട്ടാണ്. അദ്ദേഹത്തിനു കേരളാകോൺ[ഗ്രസ്സുമായി യാതൊരു ബന്ധവുമില്ലെന്ന് അർത്ഥശങ്കയ്ക്ക് ഇടനൽകാതെ പറയാൻ കഴിയും. ഈ പറയുന്ന കാര്യത്തിൽ യാതൊരു എതിർപ്പും ഡിപ്പാർട്ടുമെന്റിൽനിന്നും വരാൻ സാധ്യമല്ല. ഡിപ്പാർട്ടുമെന്റ് ഇതു അംഗീകരിച്ചതാണ്. ഫൈനൽ അ[പ്രൂവലിനു വേണ്ടിയാണ് മ[ന്ത്രി തലത്തിൽ വന്നത്.

[ശ്രീ. വി. വി. കൃഷ്ണമൂർത്തി: ഡിപ്പാർട്ടുമെന്റിൽ നിന്ന് അംഗീകരിച്ചു വന്നത് എന്നാണെന്ന് പറയാമോ?

[ശ്രീ. കെ. എം. ജോർജ്: ഡിപ്പാർട്ടുമെന്റിൽനിന്ന് അംഗീകരിച്ചു വന്നത് 15–11–1969–ൽ ആണ്.

[ശ്രീ. വി. വി. കൃഷ്ണമൂർത്തി: ഈ ഉത്തരവ് മ[ന്ത്രിനേരിട്ടു കൊടുക്കുന്നതിന് കാരണമെന്താണ്?

[ശ്രീ. കെ. എം. ജോർജ്: മുൻപുണ്ടായിരുന്ന മാനേജ്മെന്റ് സ്വകാര്യ വ്യക്തികൾക്ക് അനേകം തുക എട്ടുപത്തു രൂപ മുതൽ 40,000 രൂപവരെ കൊടുക്കാനുണ്ടായിരുന്നു. സിമൻറുവാങ്ങിയ വകയിലും മരുന്നു വാങ്ങിയ വകയിലും മറ്റും മാനേജുമെന്റിനും അനേകം കുടുംബ ബാദ്ധ്യതകൾ ഉണ്ടായിരുന്നു. ഇതിന്റെ മാനേജുമെന്റു ഗവൺമെന്റ് ഏറെടുത്തശേഷം അതൊക്കെ പരിശോധിച്ചു. ആഡിറ്റു ഡിപ്പാർട്ടുമെന്റും ഇതൊക്കെ പരിശോധിച്ചു. ഇന്നയിന്ന തുകകൾ ഇപ്പോഴത്തെ മാനേജുമെന്റ് ഏറെടുത്തിരിക്കുന്ന നിലയിൽ ഗവൺമെന്റ് കൊടുക്കേണ്ടതാണെന്ന് വ്യക്തമായ റിപ്പോർട്ട് വന്നതിനുശേഷം അതു കൊടുക്കാതെയിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

മോശമാണ്. അതനുസരിച്ചാണ് ഗവൺമെൻറ് ഈ ഉത്തരവു പുറപ്പെടുവിച്ചത്.

[ശ്രീമതി കെ. ആർ. ഗൗരി: പതിനായിരം രൂപ പൂപ്പള്ളി മെഡിക്കൽ കോളേജിലേക്ക് രൂപയായിട്ട് കൊടുത്തതാണ്. ബാക്കിയുള്ള തുക കൊടുക്കാൻ ഗവൺമെൻറിൽനിന്ന് ആർഡർ വന്നു. ആ തുക കൊടുക്കാൻ പാടില്ലെന്ന് ആഡിറ്റ് റിപ്പോർട്ടിൽ ഉണ്ടോ?

[ശ്രീ. കെ. എം. ജോർജ്: ഒരിക്കലുമില്ല.

[ശ്രീമതി. കെ. ആർ. ഗൗരി: ഈ റിപ്പോർട്ടു വന്നുകഴിഞ്ഞതിനുശേഷം, ഗവൺമെൻറിൻെറ ഓർഡർ വന്നുകഴിഞ്ഞതിനുശേഷം കോളേജിലെ പ്രിൻസിപ്പാൾ ഗവൺമെൻറിലേയ്ക്ക് ഈ തുക—കോളേജിലേയ്ക്ക് കുറെ രൂപ കിട്ടാതെയുള്ളത്. കോൺ[കീറ്റു, മിക്സ്ചർ, മെഷീൻ മുതലായവ വാങ്ങിയത്, മൈൽഡ് സ്റ്റീൽ പ്ലേറ്റ് ഇതെല്ലാം കൂടി വാങ്ങിയത്, ഏതാണ്ട് മുപ്പത്തയ്യായിരം രൂപ വിലവരുന്ന സാധനങ്ങൾ കോളേജിലേയ്ക്കു തിരിയെ അടയ്ക്കാനുള്ളത്—കൊടുക്കരുതെന്നു പറയുന്നത് ശരിയല്ലെന്നും അതുകൊണ്ട് ക്ലാരിഫിക്കേഷൻ വേണമെന്നും പറഞ്ഞ് ഗവൺമെൻറിലക്ക് എഴുതിയിട്ടുണ്ടോ?

[ശ്രീ. കെ. എം. ജോർജ്: അങ്ങനെ എഴുതിയിട്ടില്ല. ഈ പറയുന്ന പൂപ്പള്ളി കുടുംബക്കാർ തിരുമല ദേവസ്വത്തിൽനിന്ന് ഭൂമി പാട്ടത്തിനെടുത്ത് കൈവശംവച്ചനുഭവിക്കുന്നുണ്ട്. അതിൽ അടയ്ക്കേണ്ട തുക അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

[ശ്രീമതി കെ. ആർ. ഗൗരി: 15—11—1969—ലാണ് ഓർഡർ ഇഷ്യൂ ചെയ്തത്. ഈ ഉത്തരവ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 18—11—1969—ൽ ഗവൺമെൻറിലേക്ക് എഴുതിയിട്ടുണ്ടോ?

[ശ്രീ. കെ. എം. ജോർജ്: പുന:പരിശോധിക്കണമെന്ന് എഴുതിയിട്ടില്ല.

[ശ്രീമതി. കെ. ആർ. ഗൗരി: 22—11—1969—ൽ രണ്ടാമത് പ്രിൻസിപ്പാൾ ഈ തുക ഓഡിറ്റ് ഒബ്ജക്ഷൻ പ്രകാരം ഉള്ളത് കൊടുക്കണമോ വേണ്ടയോ എന്ന് ആലോചിക്കണമെന്നും അത് കൊടുക്കേണ്ടതാണെങ്കിൽ ഗവൺമെൻറ് രണ്ടാമത് കൺഫേം ചെയ്യണമെന്നും പറഞ്ഞ് എഴുതിയിട്ടുണ്ടോ?

[ശ്രീ. കെ. എം. ജോർജ്: അങ്ങനെ എഴുതിയിട്ടില്ല. രണ്ടാമതുകൺഫേം ചെയ്യണമെന്നു പറഞ്ഞ് എഴുതിയിട്ടില്ല.

[ശ്രീ. വി. എസ്. അച്യുതാനന്ദൻ: ചെറിയാൻ തോമസിൻെറ പേരിൽ തിരുമല ദേവസ്വത്തിലുള്ള കടം വായ്പയായി പാട്ടത്തുക എഴുതിവച്ചിരിക്കുകയാണെന്നുള്ളതുകൊണ്ടാണ് ഓഡിറ്റ് ഒബ്ജക്ഷൻ ഉള്ളതെന്നു പറയുന്നതു ശരിയാണോ?

[ശ്രീ. കെ. എം. ജോർജ്: അങ്ങനെ യാതൊരു ഓഡിറ്റ് ഒബ്ജക്ഷനും ഉള്ളതായി രേഖയിൽ ഇല്ല.

[ശ്രീ. സി. കെ. ബാലകൃഷ്ണൻ: 19—11—1969—ൽ ഗവൺമെൻറു കൊടുത്ത ഉത്തരവ് അനുസരിച്ച് പ്രിൻസിപ്പാൾ ഈ പറയുന്ന തുക കൊടുക്കാൻ ന്യായം കാണുന്നില്ലെന്നു പറഞ്ഞ് കത്ത് എഴുതിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: തുക കൊടുക്കാൻ ന്യായം കാണുന്നില്ല. അതുകൊണ്ട് പുന:പരിശോധിക്കണമെന്ന് പറഞ്ഞ് പ്രിൻസിപ്പാൾ കത്തൊന്നും എഴുതിയിട്ടില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ആഡിറ്റ് ഒബ്ജക്ഷൻ എന്തിനെ ആസ്പദമാക്കി എന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. എം. ജോർജ്: ആഡിറ്റ് ഒബ്ജക്ഷൻ ഉണ്ടെന്ന് ആരുപറഞ്ഞു.

ശ്രീ. കെ. കെ. അബു: ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ടാഴ്ചക്കുള്ളിൽ ഇത്ര ധൃതിയിൽ തീരുമാനമെടുക്കാൻ കാരണമെന്താണ്?

ശ്രീ. കെ. എം. ജോർജ്: ധൃതിയിൽ എടുത്തതൊന്നുമല്ല. പഴയ ഗവൺമെന്റു തുകകൂടി കൊടുക്കണമെന്നു തീരുമാനമെടുക്കുകയും അങ്ങനെ ഗവൺമെന്റിന്റെ തീരുമാനമനുസരിച്ച് ഒരു ജി. ഒ. ഇറക്കുകയും ചെയ്തു. ആ ജി. ഒ. 1969 ഒക്ടോബർ 30-നു ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പുള്ള ജി. ഒ. യാണ്. പലിശ ക്ലെയിം ചെയ്യുന്നതു കൊടുക്കണം. ചെലവു കൊടുക്കണം. പ്രിൻസിപ്പൽ കൊടുക്കണം. ഒക്ടോബർ 30, 1969-ലെ ജി. ഒ. 303/69/ഹെൽത്ത് ഈ ജി. ഒ. യിൽ വ്യക്തമായ വ്യവസ്ഥയ്ക്കു വിധേയമായിട്ടാണ് ഈ കാര്യങ്ങൾ ചെയ്തിട്ടുള്ളത്.

ശ്രീ. കെ. കെ. അബു: മന്ത്രിമാർ ഇല്ലാത്ത അവസരത്തിൽ ഉദ്യോഗസ്ഥൻമാരാണോ ജി. ഒ. അയച്ചിട്ടുള്ളത്; അതോ വെല്ലിംഗ്ടൺ ഐലന്റിലേയുള്ള മന്ത്രിമാരായിരുന്നോ?

ശ്രീ. കെ. എം. ജോർജ്: മന്ത്രിമാർ ആണ് അതായത് ഒക്ടോബർ 24-ാം തീയതിയാണ് ആർഡർ ഇട്ടത്. മുൻഗവൺമെന്റ് ഈ കാര്യത്തെ സംബന്ധിച്ച് തീരുമാനങ്ങളെടുത്തതനുസരിച്ച് ഡ്രാഫ്റ്റ് ചെയ്തു കൊടുത്തതാണ്. മുൻഗവൺമെന്റുതന്നെയാണ് തീരുമാനമെടുത്തത്.

ശ്രീ. കെ. കെ. കുമാരപിള്ള: ഓർഡർ നടപ്പാക്കുന്ന കാര്യത്തിൽ തമ്മിൽ വെരിഫൈ ചെയ്തത് സ്വന്തം ഉത്തരവാദിത്വത്തിൽ കൊടുക്കണമെന്നുള്ള വിശ്വാസത്തോടുകൂടിയല്ലേ ഈ രണ്ടു പ്രാവശ്യവും പ്രിൻസിപ്പാൾ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. കെ. എം. ജോർജ്: ആഡിറ്റ് നിഷേധിച്ചുകൊണ്ട് പ്രിൻസിപ്പാൾ യാതൊന്നും എഴുതിയിട്ടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: 18-11-1969-ലും 22-11-1969-ലും പ്രിൻസിപ്പാൾ ഇതിനെസംബന്ധിച്ച് രണ്ടുകത്തുകൾ ഗവൺമെന്റിലേക്ക് എഴുതുകയുണ്ടായി എന്നുള്ളത് ശരിയാണോ; ഈ കത്തുകളുടെ ഉള്ളടക്കം എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. എം. ജോർജ്: രണ്ടു കത്തുകൾ എഴുതിയതായി കാണുന്നില്ല. ഒരു കത്ത് എഴുതിയിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം 736.

LIBRARY ARCHIVES Kerala Legislative Assembly